**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3652** | **26-10-2021 - ൽ മറുപടിയ്ക്ക്**

**വെള്ളിക്കുളങ്ങര, പാലപ്പിള്ളി, കാലടി പ്ലാന്റേഷൻ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ ഒഴിവാക്കിയ വെള്ളിക്കുളങ്ങര, പാലപ്പിള്ളി, കാലടി പ്ലാന്റേഷൻ തുടങ്ങിയ മലയോര പ്രദേശങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിനും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (എ) | മലയോര മേഖലകളിൽ നിലവിലും നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്.ആർ. ടി.സി. സർവ്വീസുകൾ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്ന മുറയ്ക്ക്, ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ടിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ടിപ്പുകൾ പുന:ക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാര രദമായി ഇത്തരത്തിൽ പുനക്രമീകരിക്കുന്നതിനും, പ്രസ്തുത പുനക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ അത് പരിഗണിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് കെ.എസ്.ആർ. ടി.സി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ